പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2388 **27-10-2026-ൽ മറുപടിയ്ക്ക്**

വേളാമാന്നൂർ സബ്ബ് സ്റ്റേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. ജോയി

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) വർക്കല മണ്ഡലത്തിലെ പരിപ്പള്ളി-വേളമാന്നൂർ സബ്സ്റ്റേഷനിൽ ദിനംപ്രതി നിരവധി തവണ വൈദ്യുതി തടസ്സപ്പെടുന്നതിനാൽ വ്യവസായികളും പൊതുജനങ്ങളും ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: പാരിപ്പള്ളി 110 കെ.വി സബ്സ്റ്റേഷനിൽ നിന്നുള്ള വേളമാന്നൂർ ഫീഡറിൽ ഒക്ടോബർ മാസത്തിന്റെ തുടക്കത്തിൽ അണ്ടർ ഫ്രീക്വൻസി മൂലം വൈദ്യുതി തടസ്സം നേരിട്ടിരുന്നു. പ്രസ്തുത തടസ്സത്തിന്റെ കാരണം കണ്ടെത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ച് പ്രശ്നം പരിഹരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ പ്രവർത്തനശേഷി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: പാരിപ്പള്ളി 110 കെ.വി സബ്സ്റ്റേഷന്റെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കുന്നതിനായി പാരിപ്പള്ളി സബ്സ്റ്റേഷനിൽ 16 MVA ശേഷിയുള്ള ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും പാരിപ്പള്ളി സബ്സ്റ്റേഷനെ 110 കെ.വി ആയൂർ സബ്സ്റ്റേഷനുമായി ബന്ധിപ്പിക്കുന്നതിനുമായുള്ള DPR തയ്യാറാക്കിവരുന്നു.

സെക്ഷൻ ഓഫീസർ